**പതിനാലാം കേരള നിയമസഭ**
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1687

31.01.18 - ൽ മറുപടിക്ക്.

## കുടുംബശ്രീ ജെൻഡർ റിസോഴ്സ് സെന്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ്<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. ബി.സത്യൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പൊതുസമൂഹത്തെ സ്ത്രീ സൗഹൃദമാക്കുന്നത് ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ഇവ പ്രവർത്തിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ കേരളത്തിലെ പതിനാല് ജില്ലകളിലുമായി 104 ജെൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. |
| (സി) | ജെൻഡർ റിസോഴ്സ് സെന്ററുകളുടെ പ്രവർത്തനങ്ങൾ എപ്രകാരമാണെന്ന് വിശദമാക്കുമോ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തോടെയാണ് ജെൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തിക്കുന്നത്. സെന്ററുകൾക്ക് വേണ്ട ഭൗതിക സൗകര്യം നൽകുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.<br>**ജെൻഡർറിസോഴ്സ് സെന്ററുകളിലൂടെ നൽകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.**<br>തദ്ദേശ സ്വയംഭരണ പ്രദേശത്ത് നടക്കുന്ന ലിംഗ പദവി വികസന- സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഏകോപനം;<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതി രൂപീകരണത്തിൽ (പ്രത്യേകിച്ച് വനിതകൾക്കായുള്ളവ) സങ്കേതിക സഹായം;<br>സ്ത്രീകളുടെ നൈപുണ്യ വികസനത്തിനും വിദഗ്ധ തൊഴിൽ മേഖലകളെ കണ്ടെത്തി അവരെ പരിശീലിപ്പിക്കുന്നതിനും സഹായിക്കുക;<br>സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക; |

അതിക്രമങ്ങൾക്കോ ചൂഷണങ്ങൾക്കോ വിധേയരായ സ്ത്രീകൾക്കു വേണ്ട പിന്തുണ മറ്റ് സേവനദാതാക്കളുമായി സംയോജിച്ച് നൽകുക;

കൗൺസിലിംഗ് ആവശ്യമായവർക്ക് (വ്യക്തിഗതവും ഗ്രൂപ്പ് കൗൺസിലിങ്ങും) നൽകുക;

ജാഗ്രതാ സമിതി, കുടുംബശ്രീ വിജിലന്റ് ഗ്രൂപ്പ് എന്നിവരുമായി ചേർന്ന് ആവശ്യമായ ഇടപെടലുകൾ നടത്തുക;

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജെൻഡർ ഓഡിറ്റിങ്ങ്, ജെൻഡർ ബഡ്ജറ്റിംഗ് എന്നിവ നടത്തുന്നതിന് പ്രാദേശിക സർക്കാറുകൾക്ക് വേണ്ട സഹായം നൽകുക;

മറ്റ് അക്കാഡമിക് സ്ഥാപനങ്ങൾ ഗവേഷണ കേന്ദ്രങ്ങൾ എന്നിവയുമായി സഹകരിച്ച് വിവിധ കോഴ്സുകൾ (സർട്ടിഫിക്കറ്റ് കോഴ്സ്) പഠന പ്രവർത്തനങ്ങൾ, ഗവേഷണങ്ങൾ എന്നിവ നടത്താനുള്ള സാധ്യതകൾ കണ്ടെത്തുക;

സർക്കാർ നല്കുന്ന വിവിധ സേവനങ്ങൾ, വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ ആവശ്യക്കാർക്ക് നൽകുക;

സ്ത്രീപദവി പഠനം നടത്തുന്നതിനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക, അതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക;

വിവിധ വകുപ്പുകളിൽ ഉള്ള ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾ, കുടുംബശ്രീ സംഘടനാ സംവിധാനത്തിലെ പ്രതിനിധികൾ തുടങ്ങി പല മേഖലകളിൽ ഉള്ളവർക്കും ജെൻഡർ അവബോധ പരിശീലനം നൽകുക;

സ്ത്രീശാക്തികരണ ജെൻറർ അവബോധ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ;

വിവിധ പരിശീലനങ്ങൾക്കുള്ള പഠന സഹായി, രീതി ശാസ്ത്രം എന്നിവ ഉണ്ടാക്കി ലഭ്യമാക്കുക.

| | | | |
|---|---|---|---|
| (ഡി) | വിവിധ പ്രശ്നങ്ങൾ നേരിടുന്ന വനിതകൾക്ക് ആവശ്യമായ കൗൺസിലിംഗ് ലഭ്യമാക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഇത്തരം സെന്ററുകളിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരളത്തിൽ ആകെ 356 കമ്മ്യൂണിറ്റി കൗൺസിലർമാരെ കുടുംബശ്രീ പരിശീശീലനം നൽകി വിന്യസിച്ചിട്ടുണ്ട്, ഇവരുടെ സേവനം ജെൻഡർ റിസോഴ്സ് സെന്ററുകളിലൂടെ ബന്ധിപ്പിച്ച് നടത്തിവരുന്നു. തുടർ സഹായം ആവശ്യമായ കേസുകൾ 14 ജില്ലകളിലുമുള്ള സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കിലേക്ക് നൽകുകയും അവിടെ ആവശ്യമായ സേവനങ്ങൾ നൽകി വരുകയും ചെയ്യുന്നു. ഇതു കൂടാതെ 14 ജില്ലകളിലായി 76 ബ്ലോക്കുകളിൽ ബ്ലോക്ക്തല കമ്മ്യൂണിറ്റി കൗൺസിലിങ്ങ് സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങൾ വഴിയും ആവശ്യമായ പിന്തുണ സംവിധാനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ